(ജി) 1996-97 - ൽ 20,480 രൂപ

2000-01-ൽ 14,240 "

2003-04-ൽ 25,280 "

2005-06-ൽ 15,840 "

2006-07-ൽ 17,440 "

2009-10-ൽ 13,120 രൂപയും ട്രാൻസിലേഷൻ ചാർജ്ജ് ഇനത്തിൽ ലഭിച്ചിട്ടുണ്ട്. മുൻ വർഷങ്ങളിലെ വിവരം ശേഖരിച്ചുവരുന്നു.

തിരുവനന്തപുരത്ത് ഹൈക്കോടതിബഞ്ച് സ്ഥാപിക്കാൻ നടപടി

211 (5101) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ഹൈക്കോടതിബഞ്ച് സ്ഥാപിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു വർഷത്തിലധിക്മായി അഭിഭാഷകർ നടത്തിവരുന്ന സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ തിരുവനന്തപുരത്ത് ഹൈക്കോടതിബഞ്ച് സ്ഥാപിക്കുന്ന കാര്യത്തിൽ ഉണ്ടായിട്ടുള്ള പുരോഗതി വിശദീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരുവനന്തപുരത്ത് ഹൈക്കോടതിബഞ്ച് സ്ഥാപിക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള എല്ലാ ക്രമങ്ങളും പൂർത്തിയായിട്ടുണ്ട്. ഈ വിഷയത്തിൽ അന്തിമ തീരമാനമെടുക്കേണ്ടത് കേരള ഹൈക്കോടതിയും കേന്ദ്ര സർക്കാരുമാണ്.

അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധിയുടെ പ്രവർത്തനം

212 (5102) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കിയ അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധിയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ക്ഷേമബോർഡിന്റെ ഘടനയും നിലവിലുള്ള ഭരണ സംവിധാനവും അംഗത്വമെടുത്തവരുടെ വിശദവിവരവും അറിയിക്കുമോ ;

(സി) ബോർഡിന്റെ സാമ്പത്തിക സ്രോതസ്സുകൾ എന്തെല്ലാമാണ് ; ഇതിനകം ലഭിച്ച ഫണ്ട് എത്രയാണ് ;

(ഡി) ക്ഷേമനിധിയിൽ നിന്നുള്ള പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) പെൻഷനും കുടുംബ പെൻഷനും ഉടൻ നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിയമവകുപ്പ് സെക്രട്ടറി എക്സ്-ഒഫീഷ്യോ ചെയർമാനായും, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത ധനകാര്യവകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ, സംസ്ഥാന ബാർ കൗൺസിൽ നിർദ്ദേശിക്കുന്ന ഒരു അഡ്വക്കേറ്റ്, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ താഴെയല്ലാത്ത നിയമവകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ, അഡ്വക്കേറ്റ് ക്ലാർക്കുമാരിൽനിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന മൂന്നംഗങ്ങൾ എന്നിവർ കമ്മിറ്റി മെമ്പർമാരായും, നിയമവകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ സെക്രട്ടറിയായും നിയമിച്ചുകൊണ്ടുള്ളതുമാണ് കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് വെൽഫയർ ഫണ്ട് കമ്മിറ്റിയുടെ ഘടന. ഇതിൽ സെക്രട്ടറിക്ക് വോട്ടവകാശമില്ല. സംസ്ഥാനത്തെ വിവിധ കോടതികളിൽ പ്രവർത്തിക്കുന്ന അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷനുകളിലൂടെ അപേക്ഷിച്ച 5764 അംഗങ്ങളെ, അന്വേഷണാനന്തരം അംഗങ്ങളായി ചേർത്തിട്ടുണ്ട്.

(സി) അംഗങ്ങളിൽ നിന്നും അപേക്ഷാ ഫീസിനത്തിൽ 100 രൂപാ വീതവും പ്രവേശന ഫീസിനത്തിൽ 250 രൂപാ വീതവും വാർഷിക വരിസംഖ്യയിനത്തിൽ 400 രൂപാ വീതവും കമ്മിറ്റി ക്ഷേമനിധിയുടെ സ്റ്റാമ്പൊന്നിന് 6 രൂപാ നിരക്കിൽ കിട്ടുന്ന തുകയും കേരള ലീഗൽ ബെനിഫിറ്റ് ഫണ്ടിലേക്കായി വാർഷികമായി സ്വരൂപിക്കുന്ന ഫണ്ടിന്റെ 20% വിഹിതവുമാണ് ഫണ്ടിന്റെ സാമ്പത്തിക സ്രോതസ്സ്. മേൽപ്പറഞ്ഞ ഇനങ്ങളും സർക്കാർ നൽകിയ സഹായധനവും ഉൾപ്പെടെ 31-3-2010 വരെ ലഭിച്ച ആകെ

LIBRARY ARCHIVES Kerala Legislative Assembly

തുക 4,40,47,287 (രൂപ നാലുകോടി നാൽപ്പത് ലക്ഷത്തി നാൽപ്പത്തിയേഴായിരത്തി ഇരുന്നൂറ്റി എൺപത്തി ഏഴ് മാത്രം) ആണ്.

(സി & ഇ) പെൻഷൻ പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

നോട്ടറി പബ്ലിക്കിന്റെ നിയമന മാനദണ്ഡങ്ങൾ

213 (5103) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് സംസ്ഥാനത്ത് നോട്ടറി പബ്ലിക്കിനെ നിയമിക്കുന്നത് ;

(ബി) സംസ്ഥാനത്തെ അനുവദനീയമായ നോട്ടറി തസ്തികകൾ എത്രയാണ് ;

(സി) നിലവിൽ എത്ര നോട്ടറിമാരാണ് ഉള്ളത് ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര നോട്ടറിമാരെ പുതുതായി നിയമിച്ചു ; അവരുടെ പേരും മറ്റ് വിശദാംശങ്ങളും നൽകുമോ ;

(ഇ) ഒരു നോട്ടറിയുടെ സേവന കാലാവധി നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡമെന്താണ് ?

ഉത്തരം

(എ) 1952-ലെ നോട്ടറീസ് ആക്ട് 1956-ലെ നോട്ടറീസ് ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾക്കനുസൃതമായി സംസ്ഥാന ഗവൺമെന്റിന്റെ വിവേചന അധികാരം ഉപയോഗിച്ചാണ് നോട്ടറി പബ്ലിക്കിനെ നിയമിക്കുന്നത്.

(ബി) സംസ്ഥാനത്ത് അനുവദനീയമായ നോട്ടറി തസ്തികകൾ 845 ആണ്.

(സി) 1-1-2010-ലെ കണക്കനുസരിച്ച് (25-1-2010-ലെ എസ്.ആർ.ഒ.67/2010) സംസ്ഥാനത്ത് 706 നോട്ടറിമാർ ഉണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി നോട്ടറിമാർ ആരെയും നിയമിച്ചിട്ടില്ല.

(ഇ) ഒരു നോട്ടറിയുടെ സേവന കാലാവധി നിർണ്ണയിക്കുന്നത് 1952-ലെ നോട്ടറീസ് ആക്ട് അനുസൃതമായാണ്. പ്രസ്തുത ആക്ടിലെ 5-ാം വകുപ്പു പ്രകാരം 5 വർഷക്കാലയളവിലേക്ക് നിയമിക്കുന്ന നോട്ടറിയെ അപേക്ഷയിന്മേൽ സർക്കാരിന്റെ വിവേചനാധികാരം ഉപയോഗിച്ച് 5 വർഷ കാലങ്ങളിലേക്ക് പുതുക്കി നൽകാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly